പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1529 16-10-2026-ൽ മറുപടിയ്ക്ക്

പി .എച്ച്.ഡി. വിദ്യാർത്ഥികൾക്ക് നൽകുന്ന ഫെലോഷിപ്പ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. എൻ. കെ. അക്ബർ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരളസ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്.സി.എസ്.ടി.ഇ.) പി.എച്ച് .ഡി. വിദ്യാർത്ഥികൾക്ക് നൽകുന്ന ഫെലോഷിപ്പ് തുക മാസങ്ങളായി ലഭ്യമാകാത്ത സാഹര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിലെ കേരളസ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്.സി.എസ്.ടി.ഇ.) പി.എച്ച് .ഡി. വിദ്യാർത്ഥികൾക്ക് നൽകുന്ന ഫെലോഷിപ്പ് തുക കുടിശ്ശികയായിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ എത്ര മാസമാണ് കുടിശ്ശിക ആയിട്ടുള്ളതെന്നും കുടിശ്ശികയായതിനുള്ള കാരണവും വ്യക്തമാക്കാമോ;

മറുപടി:

- നിലവിൽ 13 മാസമാണ് കുടിശ്ശികയായിട്ടുള്ളത്.
- കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ 2025-2026 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിത്തിലെ കുറവ് കാരണമാണ്, പിഎച്ച്ഡി വിദ്യാർത്ഥികൾക്ക് നൽകുന്ന ഫെല്ലോഷിപ്പ് തുക കുടിശ്ശികയായത്.

(സി) പ്രസ്തുത കുടിശ്ശിക പി.എച്ച്.ഡി. വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മറുപടി: 2026-2027 സാമ്പത്തിക വർഷത്തിലെ പദ്ധതി ഇനത്തിൽനിന്നും, പ്രസ്തുത കുടിശ്ശിക നൽകുന്നതിന് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ